ആരോഗ്യവകുപ്പുമന്ത്രി (ഡോക്ടർ എ. ആർ. മേനോൻ) :

(എ) ആശുപത്രികൾക്ക് ഗ്രാൻറ് നൽകുന്നതുപോലെ തെരുവാരായി നടത്തുന്ന ആയുർവ്വേദ വൈദ്യശാലകൾക്കും ഗ്രാൻറ് നൽകുന്നുണ്ട്.

(ബി) ഇല്ല.

പൂട്ടിയിടുവാൻ ഉദ്ദേശിക്കുന്ന മാനേജ്മെൻറ് സ്കൂളുകൾ.

* 1362 [13] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ആക്ടിലെ ചില വകുപ്പുകളിൽ പ്രതിഷേധിച്ച് മാനേജ്മെൻറ് സ്കൂളുകൾ അടുത്ത സ്കൂൾവർഷാരംഭംമുതൽ പൂട്ടിയിടുവാൻ ഉദ്ദേശിക്കുന്നതായി കാണിച്ച് മാനേജ്മെൻറ് പ്രതിനിധികൾ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരു് ; എന്നു് ;

(സി) ഗവണ്മെൻറ് ആ അറിയിപ്പിൻറെ അടിസ്ഥാനത്തിൽ എന്തു നടപടി നടത്തി ; ഇല്ലെങ്കിൽ എന്തു നടത്തുവാൻ ഉദ്ദേശിക്കുന്നു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഈയിടെ ഒരു കത്തു കിട്ടിയിട്ടുണ്ടു്.

(ബി) സെക്രട്ടറി, ക്രിസ്ത്യൻ അസോസിയേഷൻ, മലബാർ. കഴിഞ്ഞ മാസത്തിലാണു് ഈ കത്തു് ഇവിടെ കിട്ടിയതു്.

(സി) ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസ ആക്ടിൻറെ നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇവിടെ പാസാക്കുന്നതു നടപ്പിൽ വരുത്തുവാനാണു്. അതുപോലെ ഇതും നടപ്പിൽവരുത്തും.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസ ആക്ടിലെ ഏതെങ്കിലും വകുപ്പു് ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതാവശ്യമുള്ളപ്പോൾ നടപ്പിൽ വരുത്തും.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസനിയമം ഉടനെ നടപ്പിലാക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉടനെ അല്ലെങ്കിലും താമസിയാതെ അതു നടപ്പിൽവരും.

തൊഴിൽ സഹകരണസംഘങ്ങൾക്ക് കടം കൊടുത്ത തുക.

* 1363. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും, സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര തൊഴിൽ സഹകരണസംഘങ്ങൾ ഇപ്പോൾ നിലവിലുണ്ടു് ;

(ബി) അവക്ക് കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുക കടം കൊടുത്തിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly